# സ്വാതന്ത്ര്യം

കെട്ടിയുണ്ടാക്കിയ മതിലുകൾക്കപ്പുറം
അവരവർ പണിത മുൻവിധികൾക്കപ്പുറം
കടിഞ്ഞാണിൽനിന്നുള്ള മോചനം
ചങ്ങലകളോട് വിട
സ്വാതന്ത്ര്യം ജന്മസാഫല്യം
ഉൾത്തലങ്ങളിൽ പരമസാക്ഷാത്കാരം
അനന്തം അഗാധം

## സ്വാതന്ത്ര്യം

ദൃശ്യവിന്യാസം

ദൃശ്യം
പി. മുസ്തഫ മനോരമ
അജീബ് കൊമേച്ചി
ഉസ്മാൻകുട്ടി പച്ചാട്ടിരി
റഷീദ് കോട്ടക്കൽ
വിന്യാസം
ഹാഫിസ്

എന്തേത് സ്വാതന്ത്ര്യം
തീവർഷിക്കും കടുംകുഴലിനകം നിലവിളി
അഗ്നി ചിതറുന്നവരുടെ നെഞ്ചു തുളക്കാൻ
ഒരാർത്തനാദം.
ചിറകുകളുടെ നിത്യസ്വപ്നം



മുസ്തഫ

കറുപ്പും ചുവപ്പും കല്ലുകൾ അടുക്കിവെച്ച്
വേണേൽ ഒരു നിറവും പൂശി ഉയർത്തപ്പെടും
ചുമരുകൾ സ്വപ്നങ്ങൾക്ക് പണിയും മേൽക്കൂര
ഓടുകൾ തെറിപ്പിച്ചും ചുമരുകൾ തകർത്തും
തുടിക്കും ബാല്യം

അജീബ്





അജീബ്

കെട്ടിവരിയും വിലക്കുകളിൽനിന്നൊരു ചാട്ടം
അടരുകൾ വിടർത്തി
ശാന്തിയുടെ തെളിനീർകുളങ്ങളിൽ
ആനന്ദം മുങ്ങിത്തപ്പാൻ
ഒരു കുതികുതിപ്പ്
പിന്തുടരുന്ന നിഴലുകളെ വെടിഞ്ഞ്
ഉണ്മയുടെ ആഴങ്ങളിലേക്ക്

ഉസ്മാൻകുട്ടി

ആകാശങ്ങളുടെ ആഴംതേടി
ഒരു പടവുകേറ്റം
കറുപ്പുകളിൽ നിന്നുള്ള മോചനം
നിഷ്കളങ്കതയുടെ നിത്യസഞ്ചാരം
ശിഖരങ്ങളിൽ ആത്മനിർവൃതി



വിശുദ്ധിയുടെ മുത്തുംപവിഴവും
നിഷ്കളങ്കതയുടെ കൈക്കുമ്പിളിൽ
കലർപ്പില്ലാ ആനന്ദം മനസ്സിനുള്ളിൽ
അതിരില്ലാ പുഴയിൽ
അടിയറിയാ ജലത്തിൽ
പൊട്ടാകുമിളകൾ

അജീബ്



സ്വാർത്ഥതയുടെ സുഖഭോഗങ്ങൾക്കിപ്പുറം
കെട്ടിപ്പടുക്കുന്ന ഉച്ചനീചത്വങ്ങളുടെ ശിഷ്ടവർണ്ണങ്ങൾ
ആർത്തിയുടെ കാൽകുതിപ്പിനിപ്പുറം
തീവ്രവർണങ്ങൾ
ശാന്തിതീരം പുൽകുന്നത്
വേവലാതിക്കുതിപ്പുകളോ
അധമവർണ്ണങ്ങളോ

മുസ്തഫ



റഷീദ്



ആരുടെ കൈവശമീ സമ്പദ്ഗോപുരം
ആരുടെ അകത്തളങ്ങളിൽ സ്വർണ്ണപ്പാത്രം
ആയിരം കൈകൾ ഒരുപാത്രത്തിൽ താഴ്ത്തും
അസ്വാതന്ത്ര്യങ്ങളിൽ നിന്നെന്ന് മോചനം

ഉസ്മാൻകുട്ടി



നിഷ്കളങ്കതയിൽ നിന്ന്
നിഷ്കളങ്കതയിലേക്കുള്ള ദൂരം
ശുദ്ധിയിൽ നിന്ന്
വിശുദ്ധിയിലേക്കുള്ള ദൂരം
നടുക്കൊരു പാലം, ആരോർപ്പൂ.
വിലക്കുംപടവുകളാർക്കുവേണം
അലിയിക്കുംവെൺമ
ഗ്രാമീണ ശുദ്ധി
കൈകളിലൂടെ കവിൾതേടുമ്പോൾ







റഷീദ്

തനിമയുടെ കുടിലുകൾ  കത്തിച്ചുചാരമാക്കിയാലും
കരുത്തും കാപട്യവുംകൊണ്ട് കീഴടക്കിയാലും തിളക്കംകെടാ കണ്ണുകൾ
ഗതകാലാഹ്ലാദം വരുംകാല പടർപ്പുകളിലോ. വംശശുദ്ധിയുടെ പൊലിമ തേടി
ചിറകുവിടർത്തും നോട്ടം

•

നോട്ടം പോയ്മറഞ്ഞ നന്മകളിലേക്ക്. വരാനിരിക്കും ഭീതികളിലേക്ക്
വൈവിധ്യങ്ങളിൽ തിളങ്ങും ചിറകുകൾ പടർത്തും നോട്ടം

റഷീദ്





മുസ്തഫ

മുസ്തഫ



വെണ്ണക്കല്ലിലൊരു കണ്ണീർമുത്ത്
ഹൃദയത്തിൽ തിളക്കും
ആശയ്ക്ക് സാക്ഷാത്ക്കാരം
ബലിയർപ്പിക്കുന്നതാരെ
കഴുത്തിലെ
കുരുക്കുകളിലൂടെയോ
സർഗ്ഗരചനയ്ക്ക് സാഫല്യം

കൈയിലൊതുക്കും
കൊടുംകാലുകൾക്ക്
ചങ്ങലയിടുന്നതോ മോക്ഷം
കുരുക്കിലകപ്പെടുത്തി
കാവലാളാവുന്നതോ നേട്ടം
ആർക്കാർ ചങ്ങല പണിയുന്നു
ആരിലാർ കൊടും നഖങ്ങൾ
പൂഴ്ത്തുന്നു
ആരടിമ ആരുടമ

# സ്വാതന്ത്ര്യം

## ദൃശ്യവിന്യാസം

അതിർത്തികൾ കാത്തു സംരക്ഷിക്കാൻ
കോട്ടയ്ക്കു കാവലാളാവാൻ
സ്വപ്ന കവാടങ്ങൾക്കു സ്വർണ്ണം പൂശാൻ
വാനിലുയർത്തും തീക്കുഴലുകൾ
ശുദ്ധികാക്കാൻ
അശുദ്ധമുദ്രകൾ
എന്തേത് സ്വാതന്ത്ര്യം

മുസ്തഫ

